(ഇ) ഇപ്പോഴത്തെ അന്വേഷണം തൃപ്തികരമായതിനാൽ ഈ കാര്യം പരിഗണനയിൽ ഇപ്പോൾ ഇല്ല.

മയക്കുമരുന്ന് ഉപയോഗം തടയാൻ നടപടി

184 [3154] *പ്രൊഫ. എ. ഡി. മുസ്തഫ:*
ശ്രീ. എം. മുരളി:
,, *കെ. സുധാകരൻ:*
,, *ലൂഡി ലൂയിസ്:*
,, *കെ. എ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നിന്റെ ഉപയോഗംമൂലം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ 2005 ജനുവരി മുതൽ ഇതുവരെ എത്ര മരണങ്ങളുണ്ടായിട്ടുണ്ട്;

(ബി) ഈ നഗരങ്ങളിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം പൂർണ്ണമായി തടയുവാൻ എന്തെല്ലാം നടപടികളെടുത്തുവരുന്നു;

(സി) മയക്കുമരുന്നു കുത്തിവയ്ക്കാൻവേണ്ടിമാത്രം ഗ്രാമങ്ങളിൽ നിന്ന് നഗരപ്രദേശങ്ങളിലേക്ക് ആളുകൾ വരുന്നതായി റിപ്പോർട്ടുണ്ടോ?

ഉത്തരം

(എ) 2005 ജൂലായ് 28-ാം തീയതി വരെ ആരും മരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗം തടയുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും, ലഹരി ഉപയോഗിക്കുന്നവരെ ലഹരി വിമോചന കേന്ദ്രങ്ങളിൽ എത്തിച്ചും ലഹരി മരുന്നു വിൽപ്പനയും ഉപയോഗവും നടക്കുവാൻ ഇടയുള്ള സ്ഥലങ്ങൾ പ്രത്യേകം നിരീക്ഷിച്ചും നടപടി കൈക്കൊണ്ടുപോരുന്നു. ഓരോ ജില്ലയിലും ഒരു ഡിവൈ. എസ്. പി./ അസിസ്റ്റന്റ് കമ്മീഷണർ നേരിട്ട് മേൽനോട്ടം വഹിക്കുന്ന നാർക്കോട്ടിക് സെൽ പ്രവർത്തിക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സർക്കാർ വകുപ്പുകളിൽ സ്ഥിരം വിജിലൻസ് സെൽ

185 [3155] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:*
ശ്രീ. തോമസ് ഉണ്ണിയാടൻ:
,, *സ്റ്റീഫൻ ജോർജ്:*
,, *ജോസഫ് എം. പുതുശ്ശേരി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി നിലനിൽക്കുന്ന സർക്കാർ വകുപ്പുകളിൽ സ്ഥിരം വിജിലൻസ് സെൽ രൂപീകരിക്കുവാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് ഈ സംവിധാനം ഏർപ്പെടുത്തുന്നതെന്ന് അറിയിക്കുമോ;

(സി) അഴിമതി നിർമ്മാർജ്ജനത്തിന്, സർക്കാർ നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും സുതാര്യമാക്കുവാനും, സമയബന്ധിതമാക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) സർക്കാർ വകുപ്പുകളിലും പൊതുമേഖലാസ്ഥാപനങ്ങളിലും വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിജിലൻസ് സെല്ലുകൾ രൂപീകരിക്കുവാനുള്ള നിർദ്ദേശം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

(സി) ഇതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ വിജിലൻസ് ഡയറക്ടർക്കും വിവിധ വകുപ്പ് അദ്ധ്യക്ഷൻമാർക്കും നൽകിയിട്ടുണ്ട്.

കോടതികളിൽ തീർപ്പുകൽപ്പിക്കാതെ കിടക്കുന്ന കേസുകൾ

186 [3156] *ശ്രീ. കെ. എ. ചന്ദ്രൻ:*
„ *ജോർജ് ജെ. മാത്യു:*
„ *ലൂഡി ലൂയിസ്:*
„ *കെ. മോഹൻകുമാർ:*

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൈക്കോടതിയിൽ ഇപ്പോൾ എത്ര കേസ് തീർപ്പുകൽപ്പിക്കാത്തതായിട്ടുണ്ട്;

(ബി) എന്നുമുതൽ ഹൈക്കോടതിയിലെത്തിയിട്ടുള്ള കേസുകളാണിവയെന്ന് വെളിപ്പെടുത്തുമോ;

(സി) ജില്ലാ സെഷൻസ് കോടതികൾ, സബ് കോടതികൾ എന്നിവിടങ്ങളിൽ ഇപ്പോൾ എത്ര കേസുകൾ തീർപ്പുകൽപ്പിക്കാത്തതായിക്കിടക്കുന്നു;

(ഡി) ഇവയിൽ ഏറ്റവും കാലപ്പഴക്കമുള്ള കേസ് ജില്ലാ സെഷൻസ് കോടതിയുടെയോ, സബ് കോടതിയുടെയോ മുൻപിൽ വന്നിട്ട് എത്രകാലമായി;

(ഇ) മറ്റു എല്ലാ കോടതികളിലുംകൂടി ഇപ്പോൾ എത്ര കേസുകൾ തീർപ്പ് കൽപ്പിക്കാത്തതായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 30-6-2005-ലെ കണക്ക് പ്രകാരം ഹൈക്കോടതിയിൽ 1,38,912 കേസുകൾ തീർപ്പുകൽപ്പിക്കാത്തതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly